(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) റബ്ബർ വിലയിടിവിനെത്തുടർന്ന് എന്തെല്ലാം നികുതിയിളവുകളായിരുന്നു വിവിധ ഘട്ടങ്ങളിലായി റബ്ബർ മേഖലയിൽ നൽകിയിട്ടുണ്ടായിരുന്നത് ;

(ഡി) ഈ ഇളവുകൾ എന്തെങ്കിലും ഇപ്പോൾ വേണ്ടെന്ന് വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ ആനുകൂല്യങ്ങളും കൊടുക്കുന്നില്ല. റബ്ബർവില, കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച മിനിമം വിലയേക്കാൾ കുറവാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച വിലയ്ക്ക് റബ്ബർ കൃഷിക്കാരിൽ നിന്നും നേരിട്ട് സംഭരിച്ചു, രാജ്യത്തിന് പുറത്ത് കയറ്റി അയച്ചാൽ 3.50 രൂപ വച്ച് കയറ്റി അയച്ചവർക്കും മിനിമംവിലയ്ക്ക് കൃഷിക്കാരിൽ നിന്നും സംഭരിച്ച് രാജ്യത്തിനകത്ത് വിറ്റാൽ സംഭരിക്കുന്ന ഓരോ കിലോയ്ക്കും സംഭരണത്തിനും സ്റ്റോറ് ചെയ്യുന്നതിനുമായി കിലോയ്ക്ക് ഒരു രൂപാവീതവും നൽകാൻ തീരുമാനിച്ചിരുന്നു. ഇതിനായി റബ്കോ, റബ്ബർമാർക്ക്, വെയർഹൗസിംഗ് കോർപ്പറേഷൻ, റബ്ബർ ബോർഡിന്റെ കീഴിലുള്ള സംഘങ്ങൾ, ഇൻഫാം എന്നീ ഏജൻസികളെ ചുമതലപ്പെടുത്തിയിരുന്നു. വില മിനിമം വിലയേക്കാൾ കൂടിയപ്പോൾ ഉത്തരവ് നിർത്തിവച്ചു.

(സി) താഴെ പറയുന്ന നികുതിയിളവുകൾ നൽകി.

1. കേരള പൊതു വിൽപ്പനനികുതി 1-ാം പട്ടികപ്രകാരം റബ്ബറിന് 12% നികുതി നിരക്കായിരുന്നത് 11% ആയി കുറവ് ചെയ്തു.

2. 1-1-2001 മുതൽ 31-12-2001 വരെ റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് അഡ്വാൻസ് ലൈസൻസുള്ള ഉല്പാദകർക്ക് സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്ന റബ്ബറിനെ വാങ്ങൽ നികുതിയിൽനിന്നും ഒഴിവാക്കി.

3. മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രഗവൺമെന്റിന്റെ സംഭരണ നയത്തിന്റെ ഭാഗമായി സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനിൽ സംഭരിച്ച് 20000 മെട്രിക് ടൺ റബ്ബർ സംസ്ഥാനത്തിന് പുറത്തുള്ള റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് അഡ്വാൻസ് ലൈസൻസുള്ള റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വിൽക്കുന്ന റബ്ബറിന് നികുതിയൊഴിവ് നൽകി.

(ഡി) 31-12-2001-ന് ശേഷം ഈ ഇളവുകൾ തുടർന്ന് നൽകിയിട്ടില്ല.

സെറികൾച്ചർ കർഷകർ

89 (1884) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സെറികൾച്ചർ കർഷകരുടെ എണ്ണം എത്രയാണ് ; കൃഷിക്ക് അനുയോജ്യമായ ജില്ലകൾ ഏതെല്ലാമാണ് ; പ്രസ്തുത ജില്ലകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമീണ കർഷകർക്ക് വലിയ പ്രതീക്ഷകൾ നൽകിയ മൾബറി കൃഷി സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ ഏകദേശം ആയിരത്തി നാനൂറോളം സെറികൾച്ചർ കർഷകരുണ്ട്. കേരളത്തിലെ 14 ജില്ലകളും സെറികൾച്ചർ കൃഷിക്ക് അനുയോജ്യമാണ്. 14 ജില്ലകളിലും ജില്ലാ ഓഫീസുകൾ തുറക്കുകയും ആവശ്യമായത്ര സാങ്കേതിക ജീവനക്കാരെ നിയമിക്കുകയും ഉല്പന്നത്തിന് വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സൗജന്യ പരിശീലനം, കൃഷിയുടെ ഓരോ ഘട്ടത്തിലും സാങ്കേതിക മേൽനോട്ടം എന്നിവ നൽകി വരുന്നു.

(ബി) നിലവിലുള്ള പ്രതിസന്ധികൾ പരിഹരിച്ച് മൾബറി കൃഷി നില നിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയം. ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കൃഷി ഭവനുകളുടെ പ്രവർത്തനം

90 (1885) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) കൃഷിഭവനുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിനും നിലവിലുള്ള കൃഷിഭവനുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകളും അറിവുകളും കർഷകരിലെത്തിക്കുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കർഷകരെ സന്ദർശിക്കുന്ന അഗ്രോക്ലിനിക് സമ്പ്രദായം നടപ്പിലാക്കി വരുന്നു. നൂതനകൃഷി രീതികൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് 151 ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുകയും ഇന്റർഫേസ് നടത്തുന്നതിന് വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ കൃഷിഭവനുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതാണ്. കൂടാതെ നെൽകൃഷി വികസനത്തിന്റെ ഭാഗമായി ജില്ലാതല

LIBRARY ARCHIVES Kerala Legislative Assembly